# കാർഷികകാലാവസ്ഥബുള്ളറ്റിൻ - ആലപ്പുഴ ജില്ല

ഫോൺ:0481-2524421 - ഇമെയിൽ: amfukumarakom@gmail.com

**നമ്പർ: Alp-59/2024** *പുണർതം ഞാറ്റുവേല* **തീയതി: 26.07.2024 കർക്കിടകം 11**

(ഭാരതീയ അന്തരീക്ഷശാസ്ത്രവിഭാഗം, ന്യൂഡൽഹിയുടെ ജില്ലാ തല കാലാവസ്ഥ പ്രവചനത്തെ അടിസ്ഥാനമാക്കി തയ്യാറാക്കിയത്).

(കാർഷിക കാലാവസ്ഥ ഫീൽഡ് യൂണിറ്റ്, പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, കുമരകം, ഭാരതീയ അന്തരീക്ഷ ശാസ്ത്രവിഭാഗംഎന്നിവ സംയുക്തമായി നൽകുന്നത്)

| കഴിഞ്ഞവാരം -സംക്ഷിപ്തകാലാവസ്ഥ (21/07/24- 25/07/24) | കാലാവസ്ഥ പ്രവചനം (27/07/24-31/07/24) |
|---|---|
| കഴിഞ്ഞ വാരത്തിലെ ഉയർന്ന താപനില 34.5 ഡിഗ്രി സെല്ഷ്യസും കുറഞ്ഞ താപനില 22.6 സെൽഷ്യസ് വരെയും ആയിരുന്നു. അന്തരീക്ഷത്തിലെ ആപേക്ഷിക ആർദ്രത 66 -നും 96 നും ഇടയിലും പടിഞ്ഞാറൻ കാറ്റിന്റെ വേഗത മണിക്കൂറിൽ 2-4 കിലോമീറ്റർ വരെയുമായിരുന്നു. ആലപ്പുഴ ജില്ലയിൽ ഈ കാലയളവിൽ 19 മി മി മഴ ലഭിച്ചു | അടുത്ത അഞ്ച് ദിവസങ്ങളിൽ ആലപ്പുഴ ജില്ലയിൽ സാമാന്യം ശക്തമായ മഴക്ക് സാധ്യത ഉണ്ട്. ഈ ആഴ്ച പരമാവധി താപനില 33$^0$C ഉം കുറഞ്ഞ താപനില 25$^0$C ഉം ആയിരിക്കും. അന്തരീക്ഷ ആർദ്രത 75% നും 95% നും ഇടയിൽ ആയിരിക്കും. പടിഞ്ഞാറൻ കാറ്റിന്റെ വേഗത 8-15 കിലോമീറ്റർ വരെ ആകാൻ സാധ്യതയുണ്ട്. |

**കാർഷികകാലാവസ്ഥമുന്നറിയിപ്പുകൾ:** നിലവിലുള്ള അന്തരീക്ഷസ്ഥിതിയിൽ കൃഷിക്കാർ ചുവടെ പറയുന്ന ജാഗ്രതാ നിർദ്ദേശങ്ങൾ പാലിക്കാൻ താത്പര്യപ്പെടുന്നു.

| | | |
|---|---|---|
| **പൊതു നിർദ്ദേശങ്ങൾ** | | മഴ മാറി തെളിഞ്ഞ കാലാവസ്ഥ സംജാതമാകുമ്പോൾ അന്തരീക്ഷ താപനിലയും ആർദ്രതയും ഉയരുമെന്നതിനാൽ കുമിൾ രോഗങ്ങൾ പടരാൻ സാധ്യതയുണ്ട് |
| **തെങ്ങ്** | വളർച്ചാ ഘട്ടം | പാറ്റ ഗുളിക + മണൽ, വേപ്പിൻ പിണ്ണാക്ക് + മണൽ , മെറ്റാറൈസിയം, ക്ലോറാന്ദ്രനിലിപ്രോൾ എന്നിവ ഉപയോഗിച്ച് ചെമ്പൻ ചെല്ലി ആക്രമണത്തെയും കൊമ്പൻ ചെല്ലി ആക്രമണത്തെയും കുറയ്ക്കും. |
| **വാഴ** | വളർച്ചാ ഘട്ടം | അഞ്ചു മാസം പ്രായമായ നേന്ത്രന് 65 ഗ്രാം യൂറിയ, 100 ഗ്രാം പൊട്ടാഷ് എന്നിവ നൽകാം. |
| **പയർ** | വളർച്ചാ ഘട്ടം | പയറിൽ നീര് വലിച്ചു കുടിക്കുന്ന കീടങ്ങളെ നിയന്ത്രിക്കാൻ തയാമെത്തോക്സാം 2 ഗ്രാം/ 10 ലിറ്റർ വെള്ളത്തിൽ തളിക്കുക. |
| **റബ്ബർ** | വളർച്ചാ ഘട്ടം | വെട്ടുപട്ടയിൽ ഇൻഡോഫിൽ M - 45 , 4 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലർത്തി തളിക്കുന്നത് റബ്ബറിൽ കുമിൾ രോഗത്തെ തടയാൻ സഹായിക്കും. |
| **വഴുതന** | കായ്പിടുത്തം | വഴുതനയുടെ ഇലചുരുട്ടി പുഴുവിനെ നിയന്ത്രിക്കാൻ ക്ലോറാൻട്രനിലിപ്രോൾ 18 . 5 EC , 3 മില്ലി 10 ലിറ്റർ വെള്ളത്തിൽ തളിക്കുക |